സാരയുടെ വില 10.2.97, 1.10.97, 15.2.99 തീയതികളിലും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ഡി)മുതൽ (എഫ്)വരെ വില വർദ്ധനവ് രേഖപ്പെടുത്തുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു†

(ജി) ഈ ഗവൺമെന്റ് റേഷൻ വ്യാപാരികളുടെ കമ്മിഷൻ വർദ്ധിപ്പിക്കുന്നതിനായി റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല.

103 (103) അരിയുടെയും ഗോതമ്പിന്റെയും വില വർദ്ധന

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ കേന്ദ്രങ്ങളിൽ കൂടി വിതരണം ചെയ്യുന്ന അരിയുടെയും ഗോതമ്പിന്റെയും വില അവസാനമായി വർദ്ധിപ്പിച്ചതെന്നാണ്; അവയുടെ വർദ്ധിപ്പിച്ച വില എത്രയാണ്; വർദ്ധനവിനുമുമ്പുള്ള വില എത്രയായിരുന്നു;

(ബി) അരിയുടെ വില വർദ്ധിപ്പിച്ചതോടുകൂടി മറ്റു നിത്യോപയോഗ സാധനങ്ങൾക്കുണ്ടായ വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു കണക്കിലെടുത്ത് അരിക്കും ഗോതമ്പിനും വില കുറയ്ക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ ഏറ്റവും ഒടുവിലായി റേഷൻ അരിയുടെ വില വർദ്ധിപ്പിച്ചത് 29.1.99-നും ഗോതമ്പിന്റെ വർദ്ധിപ്പിച്ചത് 1.4.99-നും ആണ്. 'എ' ഗ്രേഡ് അരിയുടെ വില കിലോഗ്രാമിന് 7.50 രൂപയിൽ നിന്നും 9.60 രൂപയായും ഗോതമ്പിന്റേത് 7 രൂപയിൽ നിന്നും 7.35 രൂപയായും ആണ് വർദ്ധിപ്പിച്ചത്.

(ബി)&(സി) റേഷനരിയുടെ വില വർദ്ധിപ്പിച്ചതുകൊണ്ട് മറ്റു നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചതായി ഗവൺമെന്റ് കരുതുന്നില്ല. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് പിടിച്ചു നിർത്തുവാൻ ഗവൺമെന്റ് എല്ലാവിധ മുൻകരുതലുകളും തുടർന്നു വരുന്നുണ്ട്. പൊതുവിതരണ രംഗം ശക്തിപ്പെടുത്തിയും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള കമ്പോള ഇടപെടൽ നടപടികൾ മൂലവും ഗവൺമെന്റ് ഇക്കാര്യത്തിൽ സദാ ജാഗരൂകരാണ്. റേഷനരിയുടെ വിതരണ വില (ഇഷ്യൂ പ്രൈസ്) നിശ്ചയിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. അത് വർദ്ധിപ്പിച്ച അവസരങ്ങളിലും സംസ്ഥാന ഗവൺമെന്റ് നൽകിവരുന്ന സബ്സിഡി തുടരുവാനും കൂടുതൽ കുടുംബങ്ങൾക്ക് അതിന്റെ ആനുകൂല്യം ലഭ്യമാക്കുവാനും സംസ്ഥാനം പരമാവധി ശ്രമിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly